**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1097** **09-10-2024 - ൽ മറുപടിയ്ക്ക്**

**പറമ്പന്തളി വെസ്റ്റ് പഞ്ചായത്ത് റോഡ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | പ്രധാന മന്ത്രി ഗ്രാമ സഡക് യോജന 2013-14 പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച മുല്ലശ്ശേരി ഗ്രാമ പഞ്ചായത്തിലൂടെ കടന്നുപോകുന്ന പറമ്പന്തളി വെസ്റ്റ് പഞ്ചായത്ത് റോഡ് കുടിവെള്ള പൈപ്പ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി തകർന്ന നിലയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പറമ്പന്തള്ളി വെസ്റ്റ് പഞ്ചായത്ത് റോഡ് കട്ട് ചെയ്യേണ്ടി വന്നിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡ് പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റി അടയ്ക്കേണ്ട തുക മുഴുവനായും അടച്ചിട്ടില്ലാത്തതിനാൽ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നിട്ടില്ലായെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ആ പ്രവൃത്തിയിൽ റോഡ് പുനഃസ്ഥാപനം ഉൾപ്പെടാത്തതിനാൽ, ഈ പ്രദേശത്തെ റോഡുകൾ പുനഃസ്ഥാപിക്കുന്നതിന് തൃശ്ശൂർ തദ്ദേശസ്വയംഭരണ വകുപ്പ് പി.ഐ.യു.എക്സിക്യൂട്ടീവ് എഞ്ചിനീയർ 59,94,800/- രൂപയുടേയും, അധികമായി ആവശ്യമായ 33,54,170/- രൂപയുടെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (സി) | എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ലഭ്യമായാൽ ഉടൻ തന്നെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിലേക്കായി തൃശ്ശൂർ തദ്ദേശസ്വയം ഭരണവകുപ്പ് പി.ഐ.യു. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറുന്നതാണ്. |

സെക്ഷൻ ഓഫീസർ